പി.കെ.കേശവൻ ഐ.എഫ്.എസ്
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
& ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്
'വനലക്ഷ്മി' തിരുവനന്തപുരം..
☎: 0471 – 2339593
Fax: 0471 - 2338808
E-mail:pccf.for@kerala.gov.in

ഇ6- 1278/2021 തീയതി: 21.02.2022

## സർക്കുലർ നമ്പർ - 06/2021

വിഷയം: വനം-വന്യജീവി വകുപ്പ് - ജീവനക്കാര്യം - ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ ജീവനക്കാർ മരണപ്പെടുന്നത് - മരണാനന്തര ചടങ്ങുകളിൽ പങ്കെടുത്ത് കുടുംബത്തിന് മാനസിക പിന്തുണ നൽകുന്നത് - ഭേദഗതി വരുത്തി സർക്കുലർ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന: പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്-ന്റെ 05.05.2021-ലെ 02/2021 നമ്പർ സർക്കുലർ.

ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ മരണപ്പെടുന്ന ജീവനക്കാരുടെ മരണാനന്തര ചടങ്ങിൽ പങ്കെടുത്ത് അവരുടെ കുടുംബങ്ങൾക്ക് മാനസിക പിന്തുണ നൽകുന്നതുമായി ബന്ധപ്പെട്ട് ഈ ഓഫീസിൽ നിന്നും സൂചന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. മരണാനന്തര ചടങ്ങിൽ പങ്കെടുക്കേണ്ട ഉദ്യോഗസ്ഥരെ സംബന്ധിച്ചും പങ്കെടുക്കുമ്പോൾ പാലിക്കേണ്ട രീതികളെ സംബന്ധിച്ചും ടി സർക്കുലറിലെ നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി, താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ ജീവനക്കാർ മരണപ്പെടുന്ന ദുഃഖകരമായ സംഭവങ്ങൾ വനം വകുപ്പിൽ ഉണ്ടാകാറുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ ബന്ധപ്പെട്ട മേലുദ്യോഗസ്ഥർ ആവശ്യമായ തുടർ നടപടി സ്വീകരിക്കുകയും മരണാനന്തര ചടങ്ങിൽ വകുപ്പിന്റെ പൂർണ്ണ സാന്നിദ്ധ്യം ഉറപ്പാക്കി, മരണപ്പെട്ട ജീവനക്കാരന്റെ കുടുംബത്തിന് മാനസിക പിന്തുണ നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. അത്തരമൊരു സമീപനം വകുപ്പിലെ മറ്റ് ജീവനക്കാർക്ക് അവരുടെ ജോലിയോടും, വകുപ്പിനോടുമുള്ള ആത്മാർത്ഥത വർദ്ധിപ്പിക്കുന്നതിനും, ആപൽഘട്ടങ്ങളിൽ വകുപ്പ് ജീവനക്കാരുടെ കൂടെയുണ്ട് എന്ന ആത്മവിശ്വാസം ജീവനക്കാർക്കിടയിൽ ഉണ്ടാക്കുന്നതിനും സഹായിക്കും.

വനം വകുപ്പിൽ ഇത്തരം സാഹചര്യങ്ങൾ ഉണ്ടാകുമ്പോൾ, ഒഴിവാക്കാനാവാത്ത മറ്റ് അടിയന്തര കാര്യങ്ങൾ ഇല്ലെങ്കിൽ, ഡിവിഷൻ ചാർജ്ജുള്ള മേലുദ്യോഗസ്ഥൻ സ്ഥലത്ത് നേരിട്ടെത്തി മരണാനന്തര ചടങ്ങിൽ പങ്കെടുത്ത് ജീവനക്കാരന്റെ കുടുംബത്തിന് മാനസികമായ പിന്തുണ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

(I) സംസ്ക്കാര ചടങ്ങിൽ പങ്കെടുക്കേണ്ട ഉദ്യോഗസ്ഥർ

(1) ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ മരണപ്പെടുന്ന ജീവനക്കാരുടെ വസതിയിൽ ടിയാൻ ജോലി ചെയ്തിരുന്ന ഡിവിഷന്റെ ചാർജ്ജുള്ള ഡിവിഷണൽ ഫോറസ്റ്റ്

ഓഫീസർ/വൈൽഡ്ലൈഫ് വാർഡൻ/ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ/അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. അടിയന്തിര സാഹചര്യങ്ങളിൽ ഈ ഉദ്യോഗസ്ഥന് പങ്കെടുക്കുവാൻ സാധിക്കുന്നില്ലായെങ്കിൽ തൊട്ടടുത്തുള്ള ഡിവിഷനിലെ അതേ റാങ്കിലുള്ള മറ്റൊരു ഉദ്യോഗസ്ഥനെ ഇതിനായി നിയോഗിക്കേണ്ടതാണ്.

(2) മരണപ്പെട്ട ജീവനക്കാരൻ / ജീവനക്കാരി ജോലി ചെയ്തിരുന്ന റെയ്ഞ്ചിലെ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, അദ്ദേഹത്തിന്റെ അഭാവത്തിൽ തൊട്ടടുത്ത റെയ്ഞ്ചിലെ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ നിർബന്ധമായും പങ്കെടുത്തിരിക്കണം.

(3) ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസർ.

(4) രണ്ട് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ.

(II) റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ മുതൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ വരെയുള്ള ഉദ്യോഗസ്ഥർ യൂണിഫോം ധരിക്കേണ്ടതും എല്ലാ ഔദ്യോഗിക ബഹുമതികളോടും കൂടി സംസ്ക്കാര ചടങ്ങിൽ പങ്കെടുക്കേണ്ടതും, വകുപ്പിന് വേണ്ടി റീത്ത് സമർപ്പിക്കേണ്ടതും ഔദ്യോഗികമായി സല്യൂട്ട് ഉൾപ്പെടെയുള്ള ആദരവ് നിർബന്ധമായും നൽകേണ്ടതുമാണ്.

(III) ഇപ്രകാരം ചടങ്ങിൽ പങ്കെടുക്കുന്നവർ താഴെ പറയും പ്രകാരം ആയിരിക്കണം പങ്കെടുക്കേണ്ടത്. ഏറ്റവും മുന്നിൽ യൂണിഫോം ധരിച്ച രണ്ട് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ സമാന്തരമായി മാർച്ച് ചെയ്യണം. തൊട്ടുപുറകിൽ നടുവിലായി ഡിവിഷൻ ചുമതലയുള്ള ഓഫീസർ, അതിന് പുറകിലായി യൂണിഫോം ധരിച്ച റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറും സെക്ഷൻ ഫോറസ്റ്റ് ഓഫീസറും സമാന്തരമായി മാർച്ച് ചെയ്ത് സെറിമോണിയൽ പരേഡ് നടത്തേണ്ടതാണ്. റീത്ത് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ കയ്യിൽ വഹിക്കേണ്ടതും റീത്ത് സമർപ്പിക്കുന്ന സമയത്ത് ഡിവിഷൻതല ഓഫീസർക്ക് കൈമാറേണ്ടതുമാണ്. റീത്ത് സമർപ്പിച്ച് സല്യൂട്ട് നൽകേണ്ടതാണ്.

(IV) ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ അല്ലാതെ മരണപ്പെടുന്ന ജീവനക്കാരുടെ വസതിയിൽ മേൽപ്പറഞ്ഞ പ്രകാരമുള്ള ഉദ്യോഗസ്ഥർ എത്തി വകുപ്പിന് വേണ്ടി റീത്ത് സമർപ്പിക്കേണ്ടതും സംസ്ക്കാര ചടങ്ങിൽ പങ്കെടുക്കേണ്ടതുമാണ്. സെറിമോണിയൽ പരേഡും സല്യൂട്ടും നിർബന്ധമല്ല.

മേൽ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട്, മരണപ്പെട്ട ജീവനക്കാരന്റെ കുടുംബത്തിന് വകുപ്പിന്റെ ഭാഗത്ത് നിന്നും മാനസിക പിന്തുണ നൽകുന്നതിൽ ഡിവിഷൻ ചാർജ്ജുള്ള എല്ലാ ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കണമെന്ന് നിർദ്ദേശിക്കുന്നു.

22/02/2022

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
& ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

D:\PKA\2022\Admn\E6\1278 - 2021 Dt. 19..07.. (M)..Doc